# പ്രവചനവും പുരാവസ്തുഗവേഷണവും

## പ്രബന്ധം I

J. C. Dev

[പുരാവസ്തുഗവേഷണങ്ങൾ ബൈബിൾ ദൈവനിശ്വസ്തമാണെന്നുള്ള സത്യത്തെ തെളിയിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. വിശ്വാസികൾക്ക് ഈ തെളിവുകൾ കൂടാതെതന്നെ വിശ്വാസമുണ്ട്. എന്നാൽ നിർവിശ്വാസികളെയും ബൈബിൾ വിശ്വസിക്കാത്തവരെയും സമ്മതിപ്പിക്കുക എന്നുള്ളതാണ് ഇതുകൊണ്ടു നടക്കുന്നത്. ബൈബിൾ ദൈവനിശ്വസ്തം എന്ന് അംഗീകരിച്ചുകഴിയുമ്പോൾ ഇനി ഭാവിയിൽ നടക്കേണ്ടുന്ന പ്രവചനങ്ങളും നിറവേറും എന്നുള്ളത് വിശ്വസനീയമായി ഭവിക്കുന്നു. തന്നിമിത്തമാണ് ഈ വിഷയം പ്രവചനവിഷയങ്ങളോടു ചേർക്കുന്നത്. Y. E.]

### മുഖവുര

വിശുദ്ധ ബൈബിളിന്റെ ദൈവശ്വാസീയത (2 തിമോ. 3:16) യും നിസ്തുലതയും തെളിയിക്കുന്ന വ്യക്തമായ രേഖകളാണ് അതിലെ പ്രവചനങ്ങൾ. തിരുവെഴുത്തുകളിൽ ഒളിച്ചുവച്ചിരിക്കുന്ന പ്രവചനങ്ങൾ സന്ദർഭോചിതങ്ങളായ അലങ്കാരപ്രയോഗങ്ങളോ ഭാവനാചിത്രങ്ങളോ അല്ല, ദൈവീകപദ്ധതികളുടെ സൂക്ഷ്മമായ, കൃത്യമായ, സുസ്ഥിരമായ രൂപരേഖകളാണവ.

"പ്രവാചകവാക്യവും അധികം സ്ഥിരമായിട്ട് നമുക്കുണ്ട്. നേരം വെളുക്കുകയും ഉദയനക്ഷത്രം ഉദിക്കുകയും ചെയ്‌വോളം ഇരുണ്ടസ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കരുതിക്കൊ

ണ്ടാൽ നന്നു്. തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു് ആദ്യം തന്നെ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട സംസാരിച്ചതത്രെ'' (2 പത്രോ. 1:19–21).

''നിങ്ങൾക്കു വരുവാനിരിക്കുന്ന കൃപയെക്കുറിച്ചു പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞന്വേഷിച്ചിരുന്നു. അവരിലുള്ള ക്രിസ്തുവിൻ ആത്മാവു ക്രിസ്തുവിനു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയേയും മുൻകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്നു് പ്രവാചകന്മാർ ആരാഞ്ഞുനോക്കി. തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രേ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്നു് അവർക്കു വെളിപ്പെട്ടു. സ്വർഗ്ഗത്തിൽനിന്നു് അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം അറിയിച്ചവർ അതു് ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു'' (1 പത്രോ. 1:10–12).

പ്രവചനങ്ങൾക്കു വ്യക്തമായ ലക്ഷ്യങ്ങളുണ്ടു്. രാഷ്ട്രങ്ങളെ സംബന്ധിച്ചും വ്യക്തികളെസംബന്ധിച്ചും പ്രവചനങ്ങളുണ്ടു്. എന്നാൽ ഇതെല്ലാം ക്രിസ്തുവിനെ കേന്ദ്രീകരിച്ചാണു് എന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. പ്രവചനങ്ങളുടെ വ്യക്തമായ ലക്ഷ്യം കർത്താവായ യേശു ക്രിസ്തുവാണു്. ക്രിസ്തുവിന്റെ ചരിത്രാവിഷ്കരണത്തിനു രാജവീഥി ഒരുക്കുകയായിരുന്നു പ്രവാചകന്മാർ ചെയ്തതു്.

പ്രവാചകന്മാർ മാത്രമല്ല; ക്രിസ്തുവിനുമുമ്പു ജീവിച്ചിരുന്ന ശ്രീബുദ്ധനും, സോക്രട്ടീസും, കൺഫൂഷ്യസും ''ക്രിസ്തുവിനെപ്പോലുള്ള'' ഒരു വ്യക്തിയുടെ രംഗപ്രവേശനം

അത്യാവശ്യമാണെന്നു വ്യക്തമാക്കിയിരുന്നു. "ക്രിസ്ത്" എന്ന പദം അവർ ഉപയോഗിച്ചിട്ടില്ല. "മൈത്രീയൻ"; "സാർവ്വത്രികവിജ്ഞാനി"; "വിശുദ്ധൻ"; "സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും മേൽ അധികാരമുള്ളവൻ" തുടങ്ങിയ പദങ്ങളാണ് അവർ ഉപയോഗിച്ചിട്ടുള്ളത്. ഇതു് ക്രിസ്തു അല്ലാതെ വേറെ ആരാണ്? വിവേകാനന്ദസ്വാമികൾ ശ്രീബുദ്ധനെ ക്രിസ്തുവിന്റെ മുന്നോടിയായിട്ട ചിത്രീകരിച്ചിരിക്കുന്നു. ക്രിസ്തുവിനെ ശ്രീബുദ്ധന്റെ രണ്ടാം അവതാരമായിട്ടും അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട് (വിവേകാനന്ദ സാഹിത്യ സർവ്വസ്വം, ഏഴാംഭാഗം പേജ് 484).

"ദീർഘദർശനങ്ങളെ ആധാരമാക്കി ജനങ്ങൾ യൂദയിൽനിന്നും ലോകത്തിനൊരു യജമാനൻ ഉത്ഭവിക്കുമെന്നു വിശ്വസിച്ചിരുന്നതായി ചരിത്രകാരന്മാരായ റ്റാസിറ്റസ്, ഫ്ളാവിയസ് ജോസിഫസ് എന്നിവർ രേഖപ്പെടുത്തിയിട്ടുണ്ട്. "യൂറോപ്പ് ഒരു രക്ഷകനെ കിഴക്കു ദിക്കിൽനിന്നു പ്രതീക്ഷിക്കവെ, ഇൻഡ്യയിലെയും ചൈനയിലെയും ജനങ്ങൾ അദ്ദേഹത്തെ പടിഞ്ഞാറുനിന്നും പ്രതീക്ഷിച്ചിരുന്ന"തായി വോൾട്ടയർ രേഖപ്പെടുത്തിയതായി കാണുന്നു.

ക്രിസ്തുവിനു് ഏകദേശം 1000 വർഷങ്ങൾക്കുമുമ്പെഴുതപ്പെട്ട താണ്ഡ്യമഹാബ്രാഹ്മണത്തിൽ പ്രതിപാദിച്ചുകാണുന്ന "പ്രജാപതിയാഗം" സംഭവിക്കുവാനിരിക്കുന്ന ക്രിസ്തുവിന്റെ 'കാൽവരിയാഗ'ത്തിന്റെ ദീർഘദർശനമാണ്. "പ്രജാപതിയാഗ"ത്തിലെ 9 ലക്ഷണങ്ങൾക്കു് ക്രിസ്തുവുമായി സാമ്യമുണ്ട്. എന്തായാലും ഒന്നു വ്യക്തം, ക്രിസ്തു യുഗങ്ങളുടെ പ്രതീക്ഷയായിരുന്നു.

The Divinity of our Lord (13th edition, 1889) എന്ന ഗ്രന്ഥത്തിൽ Henry Parry Liddon കണക്കാക്കി

യിട്ടുള്ളത് ക്രിസ്തുവിനെക്കുറിച്ചുതന്നെ ഏകദേശം 332 പ്രവചനങ്ങൾ ബൈബിളിലെ പഴയനിയമഭാഗങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാണ്. ഏകദേശം B. C. 2000, B. C. 1760. B. C. 1250, B. C. 725, B. C. 720 തുടങ്ങിയ കാലഘട്ടങ്ങളിലാണ് പ്രധാനമായും ക്രിസ്തുവിനെക്കുറിച്ചുള്ള ഈ പ്രവചനങ്ങൾ ഉണ്ടായിട്ടുള്ളത്.

"പ്രവാചകൻ" എന്ന പദത്തിന്റെ അർത്ഥം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. "പ്രോഫററു്" എന്ന ഇംഗ്ലീഷ്പദം ഗ്രീക്കുഭാഷയിൽനിന്നും സ്വീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഒരുവനുപകരം സംസാരിക്കുന്നവൻ, മദ്ധ്യസ്ഥൻ, ദ്വിഭാഷി, വ്യാഖ്യാതാവ് തുടങ്ങി വിവിധ അർത്ഥങ്ങളുണ്ട്. പ്രാചീന എബ്രായർ പ്രവാചകന്മാരെ കുറിക്കുവാൻ പ്രധാനമായും മൂന്നു പേരുകളാണ് ഉപയോഗിച്ചിരുന്നത്. "ഖോസേ", "റോയെ", "നബി". ദർശകൻ ദീർഘദർശി എന്നീ അർത്ഥങ്ങൾ ഇവയ്ക്കുണ്ട്. 'പ്രവാചകൻ' എന്നതിനു സാധാരണ ഉപയോഗിക്കുന്ന പദം 'നബി' എന്നാണ്. അക്കാഡിയൻഭാഷയിൽ "വിളിക്കുക, സംസാരിക്കുക" എന്നർത്ഥം വരുന്ന ഒരു മൂലധാതുവിൽനിന്നാണ് "നബി" എന്ന വാക്കിന്റെ ഉത്ഭവമെന്നു ചില പണ്ഡിതന്മാർ പറയുന്നു. അങ്ങനെയെങ്കിൽ "അധികാരത്തോടുകൂടെ ദൈവനാമത്തിൽ, കാര്യങ്ങൾ മുൻകൂട്ടി സംസാരിക്കുന്നവനാണ് പ്രവാചകൻ". പ്രവാചകന്മാരെക്കുറിച്ച് ഒരു വിശദപഠനത്തിനു് ഇവിടെ മുതിരുന്നില്ല. യെശയ്യാവ്, യിരെമ്യാവ്, യെഹെസ്ക്കേൽ, ദാനിയേൽ, ഹോശേയ, യോവേൽ, ആമോസ്, ഓബദ്യാവ്, യോന, മീഖ, നാഹൂം, ഹബക്കൂക്ക്, സെഫന്യാവ്, ഹഗ്ഗായി, സെഖര്യാവ്, മലാഖി എന്നിവരുടെ പ്രവചനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാത്രം സൂചിപ്പിക്കട്ടെ.

## പ്രവചനവും ചരിത്രവും

ബൈബിളിലെ പ്രവചനങ്ങളുടെ പ്രത്യേകത അവ സ്സ ചരിത്രവുമായി തർക്കരഹിതമായ ഒരു ബന്ധമുണ്ട് എന്നുള്ളതാണ്. മററൊരുവിധത്തിൽ പറഞ്ഞാൽ പ്രവചനങ്ങൾ ലോകചരിത്രത്തിൽ നിറവേറുന്നു എന്നുള്ളതാണ്. ഇതിനോടകം ഏഴുകോടിയോളം കോപ്പികൾ വിററുകഴിഞ്ഞ "The Bible as History" എന്ന Werner Keller-ൻെറ ഗ്രന്ഥം വായിച്ചാൽ വേദപുസ്തകത്തിലെ പഴയ നിയമഭാഗങ്ങളുടെയും, അവയിലെ പ്രവചനങ്ങളുടെയും ചരിത്രാവിഷ്കരണത്തെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുള്ളതായി കാണാം. ക്രിസ്തു പ്രവചിക്കപ്പെട്ടവനാണ്. ക്രിസ്തുവിനെക്കുറിച്ചുണ്ടായ ഈ പ്രവചനങ്ങൾ ചരിത്രയാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നുവെന്ന് ഇന്നു നാം അറിയുന്നു. വിശുദ്ധ പൗലോസ് പറയുന്നു:

"ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ" (1 തിമോ. 1:15).

പ്രവചിക്കപ്പെട്ട ക്രിസ്തു ലോകത്തിൽ വന്നു എന്ന് പൗലോസ് സാക്ഷ്യംപറയുന്നു. ലോകചരിത്രം ഈ സാക്ഷ്യത്തെ സ്ഥിരീകരിക്കുകയാണു ചെയ്യുന്നതു്. ഫ്ളാവിയസ് ജോസീഫസ് എന്ന യഹൂദ ചരിത്രകാരൻ Antiquities of the Jews എന്ന ചരിത്രകൃതിയിൽ ക്രിസ്തു എന്ന ചരിത്രപുരുഷനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു (The works of Flavius Josephus, Translated by William Whiston M.A; Page 474, Book XVIII, Chap. iii). ജോസീഫസിൻെറ പ്രസ്തുതരേഖയുടെ ഒരു പുരാതന കയ്യെഴുത്തുപ്രതി യഹൂദപണ്ഡിതന്മാർ അടുത്ത കാലത്തു് കണ്ടെത്തുകയുണ്ടായി (ന്യൂയോർക്ക് ടൈംസ്, ഫെബ്രു. 13, 1972).

ററാസിററസ് (Annalls XV, P. 44); പ്ലിനി (പ്ലിനിയുടെ എഴുത്തുകൾ, Vol. II P. 403) തുടങ്ങി നിരവധി ശ്രദ്ധേയരായ ചരിത്രകാരന്മാർ ക്രിസ്തുവിൻെറ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. റെനാൻ എന്ന ഫ്രഞ്ചുനാസ്തികൻ എഴുതിയിരിക്കുന്നതു് "ക്രിസ്തുവിനെ കൂടാതെ ലോകചരിത്രം അഗ്രാഹ്യമാണു്" എന്നാണു്. B. C. എന്നും (Ante Christum–Before Christ) A. D. എന്നും (Anno Domini, in the year of our Lord) ലോകചരിത്രത്തെ വിഭജിച്ചിരിക്കുന്നതു് ക്രിസ്തു എന്ന ചരിത്രബിന്ദുവിനെ കേന്ദ്രമാക്കിയാണു്.

ക്രിസ്തുവിൻെറ ചരിത്രാവിഷ്ക്കാരത്തിനുശേഷമുള്ള പ്രവചനങ്ങൾ പ്രധാനമായും ക്രിസ്തുവിൻെറ രണ്ടാംവരവു് അനന്തരസംഭവങ്ങൾ എന്നിവയെ കേന്ദ്രമാക്കിയാണു്. ക്രിസ്തു വരാറായോ? എന്നു് അന്വേഷിക്കുന്നതിനു ദൈവം ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള ഘടികാരമാണു് യിസ്രായേൽ. കേരളത്തെക്കാൾ ചെറിയോരു രാജ്യമാണു് യിസ്രായേൽ. വിസ്തീർണ്ണം ഏകദേശം എണ്ണായിരം ചതുരശ്രമൈൽ. യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളുടെ മദ്ധ്യേ സ്ഥിതിചെയ്യുന്നു. വടക്കു 'ദാൻ', തെക്കു് 'ബേർശേബ'യും പടിഞ്ഞാറു് മദ്ധ്യധരണ്യാഴിയും കിഴക്കു് ഗലീല, ചാവുകടൽ എന്നീ തടാകങ്ങളും അവയെ ബന്ധിക്കുന്ന ജോർദ്ദാൻ താഴ്വരയുമാണു് അതിർത്തികൾ.

1948—ൽ ആധുനിക യിസ്രായേൽ രൂപംകൊണ്ടതുതുടങ്ങി അവിടെ അരങ്ങേറിയിട്ടുള്ള ചരിത്രസംഭവങ്ങൾ അവർണ്ണനീയങ്ങളാണു്. 'യിസ്രായേലി'നെ സംബന്ധിച്ചുള്ള പ്രവചനങ്ങൾ നിറവേറിവരുന്നതു് ഈ നൂറാണ്ടിൽ ജീവിക്കുന്ന നമുക്കു് നന്നായി അറിയുവാൻ കഴിയുന്നുണ്ടു്. ലോകരാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം യിസ്രായേൽ അവർക്കൊരു ചർച്ചാവിഷയമാണിന്നു്.

യിസ്രായേലിനെ സംബന്ധിച്ചുള്ള പ്രവചനങ്ങൾക്ക് ചരിത്രരൂപം ലഭിക്കുന്നു എന്നു് വ്യക്തമാക്കുന്ന നൂറുകണക്കിനു ഗ്രന്ഥങ്ങൾ ഇന്നുണ്ടു്. 648 പേജുള്ള, ലാറി കൊള്ളിൻസും ഡൊമിനിക്ക് ലാപ്പിയറും ചേർന്നെഴുതിയ "O Jerusalem!" എന്ന ഗ്രന്ഥം അതിലൊന്നു മാത്രമാണ്. ശ്രീ. കെ. ജി. തോമസ് എഴുതിയ "യിസ്രായേലും ലോകരാഷ്ട്രങ്ങളും" എന്ന സുപ്രസിദ്ധ ഗ്രന്ഥം ഈ വിഷയത്തെക്കുറിച്ചു് സാമാന്യം വ്യക്തമായ രൂപം മലയാളികൾക്ക് ഇതിനോടകം നൽകിക്കഴിഞ്ഞു.

## എന്താണ് പുരാവസ്തുഗവേഷണം?

അതീത കാലാവശിഷ്ടങ്ങളെ സംബന്ധിച്ചുള്ള ഗവേഷണപഠനമാണ് പുരാവസ്തുവിജ്ഞാനം അഥവാ ആർക്കിയോളജി (Archaeology). നൂററാണ്ടുകൾക്കുമുമ്പ് നിലവിലുണ്ടായിരുന്ന പല രാഷ്ട്രങ്ങളെയും സംസ്കാരങ്ങളെയും കാലം മണ്ണിട്ടുമൂടി. അവയുടെ ഭൗതീകാവശിഷ്ടങ്ങൾ ഖനനംചെയ്തു് കണ്ടെത്തി. മൺമറഞ്ഞ പ്രാചീനകാലഘട്ടങ്ങളെക്കുറിച്ചുള്ള സൂക്ഷ്മവിവരണം ആധുനിക മനുഷ്യനു നൽകുകയാണ് പുരാവസ്തുഗവേഷകന്മാർ ചെയ്യുന്നതു്. പഴയകാലത്തെ നഗരങ്ങൾ, ഭവനങ്ങൾ, ഗൃഹോപകരണങ്ങൾ, ആയുധങ്ങൾ, ആഭരണങ്ങൾ മുതലായവയെല്ലാം ഗവേഷണവിധേയമാകുന്നു.

ബി. സി. ഏഴാംശതകത്തിൽ ജീവിച്ചിരുന്ന അശ്ശൂർ രാജാവായ അശ്ശൂർബാനിപ്പാലും, ആറാം ശതകത്തിൽ ജീവിച്ചിരുന്ന നെബോണിഡസ് എന്ന ബാബിലോന്യരാജാവും പുരാവസ്തുഗവേഷണരംഗത്തെ ആദ്യബിന്ദുക്കളാണ്. എന്നാൽ പുരാതനാവശിഷ്ടങ്ങളെപ്പററിയുള്ള ശാസ്ത്രീയഗവേഷണങ്ങൾക്ക്, ചരിത്രത്തിൽ ആദ്യമായി നേതൃത്വം നൽകിയതു് 1798—ൽ ഫ്രാൻസി

ലെ മഹാനായ നെപ്പോളിയനായിരുന്നു. ബുദ്ധിജീവികളും ശാസ്ത്രജ്ഞന്മാരും ഗവേഷണതല്പരരുമായ ഒരു കൂട്ടം സഹപ്രവർത്തകരോടൊപ്പം നെപ്പോളിയൻ ഈജിപ്തിൽ പര്യടനം നടത്തി ഗവേഷണങ്ങളിലേർപ്പെട്ടു. നൈൽ താഴ്വരയിൽ ഉറങ്ങിക്കിടന്നിരുന്ന വേദപുസ്തകചരിത്രത്തിലെ ശ്രദ്ധേയമായ പലതും ലോകം അതോടെ കണ്ടെടുത്തു. റോസററശില Roseta Stone), മിസ്രയീമിലെ അതിപുരാതന ചിത്രലിപി (Hieroglyphics) എന്നിവ ഈ ഗവേഷണപരമ്പരയിലെ ശ്രദ്ധേയമായ മുത്തുകളാണ്.

പുരാവസ്തുഗവേഷണങ്ങൾ ബൈബിൾനാടുകളിൽമാത്രം ഒതുങ്ങിനിന്നിട്ടുള്ള ഒന്നല്ല. ഹോമറിൻെറ മഹാകാവ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള ട്രോജൻയുദ്ധകേന്ദ്രമായ ട്രോയിപട്ടണം കണ്ടെത്തുവാൻ ജർമ്മൻകാരനായ ഹെൻറിക് ഷ്ളീമർ (1822—1890) ഏഷ്യാമൈനറിൽ നടത്തിയ ഗവേഷണം സുപ്രസിദ്ധമാണല്ലൊ. അതുപോലെ പുരാവസ്തുഗവേഷണം വേദപുസ്തകപഠനത്തിന് നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുല്യങ്ങളാണ്. ബൈബിൾനാടുകൾ, ബൈബിളിലെ വ്യക്തികൾ, ബൈബിൾസംഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള വ്യക്തമായ രൂപം ലോകത്തിന്നു നൽകുവാൻ ഈ പുരാവസ്തുഗവേഷണം കൊണ്ടു സാധിച്ചിട്ടുണ്ട്. ബൈബിൾസംഭവങ്ങൾക്ക് ലോകചരിത്രവുമായുള്ള ബന്ധം പുരാവസ്തുഗവേഷകന്മാർ അവരുടെ ഗവേഷണങ്ങളിലൂടെ സ്ഥിരീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഈ നൂററാണ്ടിലാണ് ബൈബിൾ സംബന്ധമായ പല കണ്ടുപിടുത്തങ്ങളും ഈ മേഖലയിൽ നടന്നിട്ടുള്ളതു്. ഹമ്മുറബിയുടെ നിയമങ്ങൾ (1901), ചാവുകടൽ ചുരുളുകൾ (1947) എന്നിവ അവയിൽ ചിലതാണ്.

## പുരാവസ്തുശാസ്ത്രസാഹിത്യം

ബൈബിൾസംബന്ധമായി നടന്നിട്ടുള്ള പുരാവസ്തു ഗവേഷണങ്ങളുടെ റിപ്പോർട്ടുകൾ യഥാവസരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒട്ടനേകം ഗ്രന്ഥങ്ങളും ഇതിനോടകം പുറത്തുവന്നു. 7 കോടി കോപ്പികൾ ഇതിനോടകം വിററുകഴിഞ്ഞ The Bible as History എന്ന വെർണർ കെല്ലറിൻെറ സുപ്രസിദ്ധമായ ഗ്രന്ഥം വേദപുസ്തകത്തെ വിമർശിക്കുന്ന അനേകം നാസ്തികരെ നിശ്ശബ്ദരാക്കിയിട്ടുള്ള ഒന്നാണ്. "പുരാവസ്തുഗവേഷണശാസ്ത്രം പുസ്തകങ്ങളുടെ പുസ്തകമായ ബൈബിളിനെ സ്ഥിരീകരിക്കുന്നു" എന്ന അതിൻെറ മുഖപ്രസ്താവനതന്നെ ഇന്നൊരു വെല്ലുവിളിയായി നിലകൊള്ളുന്നു.

John C· Trever–ൻെറ The Untold story of Qumran, വില്യം ഫോക്സ്വെൽ ആൽബ്രൈററിൻെറ The Archaeology of Palestine, From the Stone age to Christianity, Archaeology and the Religion, of Israel പ്രൊഫ. എ. എച്ച്. ഡെററ്വെയ്ലറിൻെറ "Manual of Archaeological Surveying, ജോസഫ് പി. ഫ്രീയുടെ Archaeology and Bible History എന്നീ ഗ്രന്ഥങ്ങൾ ആരെയാണ് അമ്പരപ്പിക്കാത്തത്? പത്തുണ്ടോളം ഡോക്ടറേററുകൾ സമ്പാദിച്ച വില്യം ഫോക്സ്വെൽ ആൽബ്രൈററിനെപോലുള്ള നിരവധി ഗവേഷകർ ഈ മേഖലയിൽ അദ്ധ്വാനിച്ചിട്ടുണ്ട്. ഗവേഷണങ്ങളിലൂടെ ബൈബിൾസംഭവങ്ങളുടെ ചരിത്രസത്യത ബോദ്ധ്യമായപ്പോൾ ഈ വിശപ്രതിഭകൾ, ദൈവശ്വാസീയമായ തിരുവചനത്തിൻെറമുമ്പിൽ മുട്ടുകുത്തി പ്രണമിച്ചു.

ഗുട്ടൻബെർഗ് അവാർഡ് സമ്പാദിച്ച Dr. Henry H. Halley യുടെ Bible Hand Book (3,500,000 കോപ്പികൾ, 24 പതിപ്പുകൾ, 24–ാം പതിപ്പിനുമാത്രം 23 പ്രസി

ദ്ധീകരണം, 1977), Frank Charles Thompson-ൻെറ "The Thompson Chain Reference Bible" (അഞ്ചാം പതിപ്പുതന്നെ 60 പ്രാവശ്യം പ്രസിദ്ധീകരിച്ചു) തുടങ്ങിയ ബൈബിൾ റഫറൻസ് ഗ്രന്ഥങ്ങളിലും ബൈബിൾ പുരാവസ്തുഗവേഷണങ്ങളുടെ റിപ്പോർട്ടുകൾ ചേർത്തിട്ടുണ്ട്. എന്നാൽ മലയാളഭാഷയിൽ ഇത്തരം കൃതികൾ വളരെ വിരളമാണ്. ശ്രീ. പി. ജെ. ഏബ്രഹാം (റാന്നി) എഴുതിയ "വേദചരിത്രം", ശ്രീ. കെ. വി. ജോർജ്ജ് M. A., M. Th. (പത്തനാപുരം) എഴുതിയ "ബൈബിളും പുരാവസ്തുശാസ്ത്രവും" എന്നിവയേയുള്ളു. എന്നാൽ മററുപല ഗ്രന്ഥങ്ങളിലും സന്ദർഭോചിതമായി, ഭാഗികമായി ബൈബിൾ പുരാവസ്തുഗവേഷണ റിപ്പോർട്ടുകൾ ചേർത്തിട്ടുണ്ട്.

## ശ്രദ്ധേയമായ ഗവേഷണങ്ങൾ

ബൈബിൾനാടുകളിൽ ശ്രദ്ധേയങ്ങളായ ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. അവയെക്കുറിച്ചുള്ള വിശദീകരണങ്ങൾ ഈ ലഘുപ്രബന്ധത്തിൽ ഉൾക്കൊള്ളിക്കുക അസാദ്ധ്യമാണല്ലോ. ഗവേഷണങ്ങളുടെ ചില തെളിവുകൾ എന്ന നിലയിൽ, അവയിൽ ചിലതുമാത്രം ഇവിടെ കുറിക്കട്ടെ.

## സർഗ്ഗോൻ എന്ന ഇതിഹാസം

"അശ്ശൂർരാജാവായ സർഗ്ഗോൻെറ കല്പനപ്രകാരം തർത്താൻ അശ്ദോദിലേക്കു ചെന്നു അശ്ദോദിനോടു യുദ്ധം ചെയ്തു അതിനെ പിടിച്ച ആണ്ടിൽ" എന്നൊരു പ്രസ്താവന യെശ. 20:1-ൽ നാം വായിക്കുന്നുണ്ട്. സർഗ്ഗോനെപ്പററിയുള്ള ഏക ബൈബിൾപ്രസ്താവന ആണിതു്. ബൈബിളിനു പുറത്തു് "സർഗ്ഗോനെ"ക്കുറിച്ചു വേറെ യാതൊരു സൂചനയുമില്ല. ചരിത്രകാരന്മാർക്കും

സർഗ്ഗോൻ അജ്ഞാതനാണ്. അതിനാൽ സർഗ്ഗോൻ ഒരു ഇതിഹാസമാണെന്നും ചരിത്രപുരുഷനല്ലെന്നും, ബൈബിളിലെ ഒരു തെററാണിതെന്നും ചരിത്രകാരന്മാർ വിധിയെഴുതി. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കായുടെ എട്ടാംപതിപ്പിൽ "സർഗ്ഗോൻ" എന്ന പേരിനുകീഴെ "സർഗ്ഗോൻ ബൈബിൾചരിത്രത്തിലെ ഒരു തെററ്" എന്നു സൂചിപ്പിച്ചെഴുതി. സർഗ്ഗോൻ ഒരു മിഥ്യയാണുപോലും! എന്നാൽ 1843-ൽ പോൾ എമൈൽ ബോട്ടാ (French consular agent at Mosul) നിനവേയിൽനിന്നും 12 മൈൽ വടക്ക്, ഖോർസബാഡിൽ ഖനനംചെയ്തുവരവേ സർഗ്ഗോൻെറ കൊട്ടാരവും, അദ്ദേഹത്തിൻെറ ഭരണകാലഘട്ടത്തെ അനുസ്മരിപ്പിക്കുന്ന രേഖകളും കണ്ടെത്തി. പല ഇഷ്ടികകളിലും സർഗ്ഗോൻെറ പേര് കൊത്തിയിട്ടുള്ളതായി കണ്ടു. സർഗ്ഗോൻെറ കൊട്ടാരം നിൽക്കുന്ന സ്ഥലം 25 ഏക്കർ വരും. പിന്നീട് Chiera-യുടെ നേതൃത്വത്തിൽ നടന്ന ഗവേഷണത്തിൽനിന്നും, കൊട്ടാരവാതിൽക്കൽ പ്രതിഷ്ഠിച്ചിരുന്ന "ചിറകും മനുഷ്യത്തലയുമുള്ള കാള"യുടെ വിഗ്രഹം കണ്ടെത്തി. 16 അടി നീളവും 16 അടി ഉയരവുമുള്ള ഈ വിഗ്രഹത്തിന് 40 ടൺ തൂക്കമുണ്ട്. ഈ വിഗ്രഹം ഇന്ന് ചിക്കാഗോയിലെ ഓറിയൻറൽ ഇൻസ്ററിററ്യൂട്ട് മ്യൂസിയത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്നു. (Joseph P. Free, Archaeology and Bible History, P. 200, 201) സർഗ്ഗോൻ ഒരു ചരിത്രപുരുഷനാണെന്ന് ഈ ഗവേഷണങ്ങൾ തെളിയിച്ചു. അതോടെ എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കായുടെ പഴയ പ്രസ്താവന അവർ ഖേദപൂർവ്വകം പിൻവലിക്കുകയും പുതിയ പതിപ്പിൽ 'സർഗ്ഗോനെ'പ്പററി, ബൈബിൾപ്രസ്താവന ശരിവച്ചുകൊണ്ട് ഒരു ലേഖനം ചേർക്കുകയും ചെയ്തു.

## എബ്ലാ സംസ്കാരം

1976 മാർച്ചിൽ ഇററാലിയൻ പുരാവസ്തു ഗവേഷകരായ, റോമൻ സർവ്വകലാശാലയിലെ ഡോ. പൌലോമത്തിയായും ഡോ. ഗയോവാനി പെററിനാറേറായും വടക്കൻ സിറിയായിലെ ആലപ്പോ പട്ടണത്തിനു മുപ്പതു മൈൽ തെക്കു് സ്ഥിതിചെയ്യുന്ന "ടെൽ–മാർട്ടിക്" കുന്നിൻ ചരിവിൽനിന്നും പതിനയ്യായിരത്തോളം കളിമൺ ലിഖിതങ്ങൾ കണ്ടെടുത്തു. ക്രിസ്തുവിനു രണ്ടായിരം വർഷം മുമ്പു നിലനിന്നിരുന്ന കനാന്യസംസ്കാര (എബ്ലാ)ത്തെക്കുറിച്ചു് ഏററവും വ്യക്തമായ തെളിവുകൾ അങ്ങനെ ലോകത്തിനു ലഭിച്ചു. ചിത്രലിപികളിലും പ്രാചീനലിപികളിലുമുള്ള രേഖകൾ പലതും അതിലുണ്ടായിരുന്നു. ബൈബിളിലെ അബ്രഹാം, ദാവീദു്, ഏശാവു, ശൌൽ, മിഖായേൽ, യിസ്രായേൽ, എബെർ എന്നീ പേരുകളും, ഗസ, ഹസോർ, മെഗിദ്ദോ എന്നീ പട്ടണങ്ങളുടെ പേരുകളും അതിലുണ്ടു്. "ദാഗോൻ" എന്ന ദേവൻെറ വിവരണങ്ങളും "ഖേമോഷി"ൻെറ ക്ഷേത്രവിവരണങ്ങളും ഇവയിൽപ്പെടുന്നു (Los Angeles Times and Washington Post News Service; ജെ. സി. ദേവ്, ഇവാൻജെലിക്കൽ എൻസൈക്ലോപീഡിയ ഇൻഡ്യ, I, P. 61–63).

## ചാവുകടൽ ചുരുളുകൾ

Miller Burrous–ൻെറ The Dead Sea Scrolls, Frank Moore Cross–ൻെറ The Ancient Library of Qumran, John C. Trever–ഉടെ The Untold Story of Qumran എന്നീ ഗ്രന്ഥങ്ങൾ ഈ കാലങ്ങളിൽ വളരെയേറെ ചലനങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു. ആധുനിക വേദപുസ്തകപഠിതാക്കൾക്കു സുപരിചിതമായ ഒരു പദപ്രയോഗമാണു ചാവുകടൽചുരുളുകൾ അഥവാ

കുമ്റാൻ ചുരുളുകൾ. ചാവുകടൽ ചുരുളുകളെക്കുറിച്ചു ഈ
ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു.

1947–ൽ യഹൂദാമരുഭൂമിയിൽ ചാവുകടലിന്റെ വട
ക്കുപടിഞ്ഞാറെ തീരത്തു് കുംറാൻവാഡി എന്നു ബെദൂ
വിയന്മാർ വിളിക്കുന്ന പാറക്കെട്ടുകളും ഗുഹകളും നിറഞ്ഞ
താഴ്‌വരയിൽ ആടുകളെ മേയിച്ചുനടന്ന മുഹമ്മദ് എന്ന
ഒരു ബെദൂവിയൻ ബാലൻ, കൂട്ടംവിട്ട ഒരാടിനെ തെര
ഞ്ഞു് ഒരു ഗുഹയിലേക്കു് ഒരു കല്ലെറിഞ്ഞു. അവിടെനി
ന്നും ഉണ്ടായ ഒരു പ്രത്യേക പ്രതിധ്വനി മുഹമ്മദിനെ ഗു
ഹക്കുള്ളിൽ കടക്കുവാൻ പ്രേരിപ്പിച്ചു. മൺഭരണയിൽ ക
ല്ലുകൊണ്ടപ്പോഴുള്ള മാറൊലിയാണവൻ കേട്ടതെന്നു് ഗു
ഹയിൽ ചെന്നപ്പോൾ മനസ്സിലായി. അവിടെ ഒന്നില
ധികം ഭരണികൾ അവൻ കണ്ടു. അതിലൊന്നു തുറന്ന
പ്പോൾ, നീളത്തിൽ ചുരുട്ടി പട്ടിൽ പൊതിഞ്ഞുവച്ചിരി
ക്കുന്ന തുകൽ സാധനങ്ങൾ കണ്ടു. അവയിലെന്തോ എഴു
തിയിരിക്കുന്നു. അവനൊന്നും മനസ്സിലായില്ല. ഈ ഭര
ണികൾ ബേത്‌ലഹേമിലെ ഒരു വ്യാപാരിവഴിയായി
യെരുശലേമിലെ സിറിയൻ ദയറാധിപനായ Arch
Bishop യേശു ശാമുവൽമാർ അത്താനാസ്യോസിനു കി
ട്ടി. അദ്ദേഹമതു് യെരുശലേമിലെ ഇക്കോൾ ബിബ്ലി
ക്കിലേയും ആൾബ്രൈറ്റു് ഇൻസ്റ്റിറ്റ്യൂട്ടിലേയും ഹീ
ബ്രൂ യൂണിവേഴ്സിറ്റിയിലേയും പണ്ഡിതന്മാരെ കാ
ണിച്ചു. അവരുടെ ശ്രമകരമായ ഗവേഷണങ്ങളിൽനിന്നും
ഇതു് യെശയാപ്രവാചകന്റെ ചുരുൾരൂപത്തിലുള്ള പു
സ്തകമാണെന്നു മനസ്സിലായി. ഖുംറാൻ സന്യാസികളു
ടെ ജീവിതരീതി തുടങ്ങിയ യാഥാർത്ഥ്യങ്ങളിലേക്കു്
വെളിച്ചംവീശുന്ന രേഖകളും അവയിലുണ്ടായിരുന്നു. ഈ
ചുരുളുകൾ യഹൂദന്മാർ രണ്ടരലക്ഷം ഡോളർ നൽകി മെ
ത്രാപ്പോലീത്തയിൽനിന്നും വാങ്ങി യെരുശലേമിലെ യി

ക്കായി അടിമച്ചന്തയിൽ വിററു. രണ്ടായിരത്തോളം പ്രമാണിമാരെ തൂക്കിക്കൊന്നു. പട്ടണത്തിലെ വസ്തുവകകൾ അലക്സാണ്ടറുടെ സൈന്യം കൊള്ളചെയ്തു". "നിന്നെ ഇനി വീണ്ടും പണിയുകയില്ല" എന്ന പ്രവാചകന്റെ പ്രസ്താവനയെ തിരുത്തുവാൻ കഴിയാത്തവിധം ഇന്നും "വീണ്ടും പണിയപ്പെടാത്ത പട്ടണമായി" സോർ അവശേഷിക്കുന്നു. എദോം (യെഹ. 35:9), നിനവേ (നഹൂം 2:8–10; 3:1) തുടങ്ങിയവയെക്കുറിച്ചും പ്രവചനങ്ങൾ ഉണ്ടായിട്ടുണ്ട്. അവയെല്ലാം പിന്നീട് ചരിത്രാവിഷ്കാരം പ്രാപിച്ചു. എന്നാൽ ഇന്നത്തെ പുരാവസ്തുഗവേഷകന്മാർ നടത്തിവരുന്ന ഗവേഷണങ്ങൾക്ക്, പ്രവചനങ്ങളുടെ ചരിത്രസത്യത ആധുനിക ബുദ്ധിജീവികളെ ബോദ്ധ്യപ്പെടുത്തുവാൻ മതിയായതാണ്.